**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **02-02-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതീകരിക്കാത്ത പട്ടിക ഗോത്രവർഗ്ഗ ഊരുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു, ശ്രീ സി കെ ഹരീന്ദ്രൻ, ശ്രീ. എ. പ്രഭാകരൻ, ശ്രീ ജി സ്റ്റീഫൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതീകരിക്കാത്ത പട്ടിക ഗോത്രവർഗ്ഗ ഊരുകൾ നിലവിലുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കാമോ; | (എ) | നിലവിലുണ്ട് . സംസ്ഥാനത്തെ പിന്നാക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി കെ എസ് ഇ ബി എൽ വൈദ്യുതി ലഭ്യമല്ലാത്ത 101 പട്ടികവർഗ്ഗ കോളനികൾ കണ്ടെത്തി DPR തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിലേക്കായി DPR പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർക്ക് നൽകുകയും ചെയ്തിരുന്നു. ഇതിൽ 8 കോളനികളിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാക്കിയിട്ടുണ്ട്. 9 കോളനികളുടെ വൈദ്യുതീകരണ പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത ഊരുകളിലേയ്ക്ക് ഗ്രിഡിലൂടെ തന്നെ വൈദ്യുതി എത്തിക്കാൻ സാധിക്കുമോയെന്നും ഗ്രിഡ് വഴി വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത എത്ര ഊരുകൾ നിലവിലുണ്ടെന്നും വെളിപ്പെടുത്തുമോ; | (ബി) | ബാക്കിയുള്ള 84 ഊരുകളിൽ 45 കോളനികളിൽ ഗ്രിഡ് വൈദ്യുതീകരണവും 39 കോളനികളിൽ സോളാർ വൈദ്യുതീകരണവുമാണ് സാധ്യമാകുന്നത്. ഇതിൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന 45 കോളനികളിൽ, വയനാട് ജില്ലയിലെ 20 കോളനികൾ പുനരധിവാസം നടപ്പിലാക്കുന്ന കോളനികളിൽ ഉൾപ്പെട്ടവയാണ്. |
| (സി) | അത്തരം ഊരുകളിൽ വൈദ്യുതി എത്തിക്കാൻ പകരം സാധ്യതകൾ പരിശോധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | അനെർട്ടിന്റെ ആഭിമുഖ്യത്തിൽ ഇത്തരം ഊരുകളിൽ സൗരോർജ്ജത്തോടപ്പം മറ്റ് അക്ഷയ ഊർജ്ജ സാധ്യതകളും കൂടി പരിശോധിച്ച് ഓരോ ഊരിനും അനുയോജ്യമായവ കണ്ടെത്തി നടപ്പിലാ-ക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. തുടക്കമെന്ന നിലയിൽ പാലക്കാട്ടു ജില്ലയിലെ സൈലന്റ് വാലി മേഖലയിലെ താഴെത്തുടുക്കി കോളനിയിൽ 50 കിലോവാട്ട് ശേഷിയുള്ള വിൻഡ് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റ് നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ